# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5175 26.03.2018 ൽ മറുപടിക്ക്**

**മലയോര ഹൈവേയുടെ ചെറുപുഴ മുതൽ പള്ളിത്തോട് വരെയുള്ള പ്രവൃത്തി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.ജോസഫ് | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ഡി.എഫ്.ഐ.പി. പദ്ധതിയിൽ ഊരാളുങ്കൽ സൊസൈറ്റി പ്രവൃത്തി ചെയ്യുന്ന മലയോര ഹൈവേയുടെ ചെറുപുഴ മുതൽ പള്ളിത്തോട് വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | എ) ഡി.എഫ്.ഐ.പി. പദ്ധതിയിൽ ഊരാളുങ്കൽ സൊസൈറ്റി പ്രവൃത്തി ചെയ്യുന്ന മലയോര ഹൈവേയുടെ ചെറുപുഴ മുതൽ പള്ളിത്തോട് വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി 50% പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) ഈ റോഡിലെ ചെറുപുഴ - ആലക്കോട് - പുറഞ്ഞാൺ ഭാഗത്തെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ; | ബി) ചെറുപുഴ - ആലക്കോട് - പുറഞ്ഞാൺ ഭാഗത്തെ പ്രവൃത്തി 2018 സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| സി) ഇതിന്റെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ട്രാഫിക് സുരക്ഷാ പ്രവൃത്തികൾ, ജംഗ്ഷനുകളിലെ ട്രാഫിക് സിഗ്നൽ, ഫുട്പാത്ത് നിർമ്മാണം തുടങ്ങിയവയുടെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | സി) ചെറുപുഴ - ആലക്കോട് - പുറഞ്ഞാൺ റോഡിന്റെ എസ്റ്റിമേറ്റിൽ ട്രാഫിക് സിഗ്നൽ ഉൾപ്പെടുത്തിയിട്ടില്ല. മറ്റ് സുരക്ഷ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) ഈ റോഡിലെ നച്ചാട് പാലത്തിന്റെ പ്രവൃത്തി ഏതു ഘട്ടത്തിലാണ്; | ഡി) മലയോര ഹൈവേയിൽപ്പെട്ട ആലക്കോട് പാലം (3.50 കോടി) കരുവഞ്ചാൽ പാലം (4.7 കോടി) നച്യാട് പാലം (10കോടി) എന്നീ പാലങ്ങൾ നേരത്തെ നീക്കിയിരിപ്പുള്ള തുകയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകണമെന്ന പ്രൊപോസൽ പരിശോധനയിലാണ്. |
| ഇ) നടുവിൽ ഭാഗത്ത് ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി പൈപ്പ് മാറ്റിയിടാൻ വേണ്ടി വാട്ടർസപ്ലൈ യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിന് | ഇ) നടുവിൽ ഭാഗത്ത് ഗ്രാമീണ കുടിവെള്ള പദ്ധതിക്കായി പൈപ്പ് മാറ്റിയിടാൻ വേണ്ടി വാട്ടർ സപ്ലേ യൂട്ടിലിറ്റി ഷിഫ്റ്റിംഗിന് മാറ്റിവെച്ച 40 ലക്ഷം |

| | |
|---|---|
| മാറ്റിവെച്ച 40 ലക്ഷം രൂപയിൽ നിന്നും ആവശ്യമായ തുക വാട്ടർ അതോറിറ്റിക്ക് നൽകാൻ നടപടി സ്വീകരിക്കുമോ? | രൂപയിൽ ആവശ്യമായ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി സമർപ്പിക്കുകയാണെങ്കിൽ അത് പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ